നമ്മുടെ പച്ചക്കറികൾ ധൈര്യമായി കഴിക്കാം

തിരുവനന്തപുരം: നമ്മുടെ നാട്ടിലെ പച്ചക്കറി കൃഷിയിൽ കീടനാശിനി പ്രയോഗം നടക്കുന്നുണ്ടെങ്കിലും അത് ആരോഗ്യത്തിന് ഹാനികരമല്ലെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. വെള്ളായണിയിലെ കീടനാശിനി പരിശോധന കേന്ദ്രത്തിൽ നടത്തിയ പരിശോധനയിലാണ് വിവരങ്ങൾ ലഭിച്ചത്. കീടനാശിനി പ്രയോഗത്തിൽ വെറും ഏഴ് ശതമാനം മാത്രമാണ് ആരോഗ്യത്തെ ബാധിക്കുന്നതെന്നും ബാക്കി 93 ശതമാനവും കഴിക്കാൻ കൊള്ളാവുന്നതാണെന്നും കണ്ടെത്തി. സംസ്ഥാനത്തെ കർഷകർ അമിത കീടനാശിനി പ്രയോഗം നടത്തുന്നില്ലെന്നാണ് പഠനത്തിൽ നിന്നും മനസിലാകുന്നതെന്ന് വെള്ളായണി കാർഷിക കോളജിലെ പ്രൊഫ. തോമസ് ബിജു മാത്യു പറഞ്ഞു.

പി.എസ്.സി: ഹാൾ ടിക്കറ്റ് ഉറപ്പാക്കുന്നവർക്ക് പരീക്ഷാ കേന്ദ്രം

തിരുവനന്തപുരം: ഹാൾ ടിക്കറ്റ് കിട്ടി എന്ന് ഉറപ്പാക്കുന്ന ഉദ്യോഗാർത്ഥികൾക്ക് മാത്രം പരീക്ഷാ കേന്ദ്രങ്ങൾ അനുവദിച്ചാൽ മതിയെന്ന് പി.എസ്.സി യോഗം തീരുമാനിച്ചു. പരീക്ഷ തുടങ്ങുന്നതിന്റെ 15 ദിവസം മുമ്പ് മുതൽ ഹാൾ ടിക്കറ്റ് ഡൗൺലോഡ് ചെയ്യെടുക്കാം. ആഗസ്റ്റ് 15 മുതൽ ഈ സംവിധാനം നിലവിൽ വരും.

മൂന്ന് സൈബർ പൊലീസ് സ്റ്റേഷനുകൾ തുടങ്ങും

തിരുവനന്തപുരം: സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എറണാകുളം, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ പൊലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. ഓരോ സ്റ്റേഷനിലേക്കും ഒരു സർക്കിൾ ഇൻസ്പെക്ടർ ഉൾപ്പെടെ 18 തസ്തികകൾ (മൊത്തം 54) സൃഷ്ടിക്കും. നിലവിൽ തിരുവനന്തപുരത്തു മാത്രമാണ് സൈബർ പൊലീസ് സ്റ്റേഷനുള്ളത്. പുതുതായി രൂപീകരിക്കുന്ന സ്റ്റേഷനുകളിൽ ഒരു സർക്കിൾ ഇൻസ്പെക്ടർ, ഒരു എ.എസ്.ഐ, നാലു സീനിയർ സിവിൽ പൊലീസ് ഓഫീസർ, 11 സിവിൽ പൊലീസ് ഓഫീസർ, ഒരു ഡ്രൈവർ എന്നിങ്ങനെയാവും തസ്തികകൾ.

സർക്കാർ, എയ്ഡഡ് വിഭാഗത്തിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും തീരദേശ നിയന്ത്രണ മേഖല (സി.ആർ.സെഡ്) ക്ലിയറൻസിനുള്ള പരിശോധനാ ഫീസിൽ നിന്ന് ഒഴിവാക്കാനും തീരുമാനിച്ചു.

കരസേന റിക്രൂട്ട്മെന്റ് റാലി

തിരുവനന്തപുരം: പാങ്ങോട് സൈനിക സ്റ്റേഷനിലെ കുളച്ചൽ സ്റ്റേഡിയത്തിൽ 18 മുതൽ 27 വരെ നടക്കുന്ന കരസേന റിക്രൂട്ട്മെന്റ് റാലിയിൽ പങ്കെടുക്കാൻ ഇമെയിൽ വിലാസത്തിൽ നിന്ന് അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്തെടുത്ത് നിശ്ചിത സമയത്ത് എത്തണം.

ചിക്കൻപോക്സിന് ചികിത്സയിലായിരുന്നവരെ പരീക്ഷാഹാളിൽ നിന്ന് ഇറക്കിവിട്ടു

പരീക്ഷ മുടക്കാൻ, രോഗം ഒരു കുറ്റമാണോ സാർ

■ പ്രിൻസിപ്പലിന്റെ അനുവാദത്തോടെ എത്തിയവരെ ഇറക്കിവിട്ടത് ക്ലാർക്ക്

ഇടുക്കി: അവസാനവർഷ പോളിടെക്നിക് പരീക്ഷ എഴുതിക്കൊണ്ടിരുന്ന മൂന്ന് വിദ്യാർത്ഥികളെ 'ചിക്കൻപോക്സ് പകരുമെന്ന്' ആക്രോശിച്ച് ഓഫീസ് ജീവനക്കാരൻ ഇറക്കിവിട്ടു. പ്രിൻസിപ്പലിന്റെ അനുവാദത്തോടെ പരീക്ഷയ്ക്കെത്തിയ മൂവരെയും പ്രിൻസിപ്പലും ട്യൂട്ടറും നോക്കിനിൽക്കെയാണ് ക്ലാർക്ക് ഇറക്കിവിട്ടത്. മുട്ടം ഗവ. പോളിടെക്നിക്കിൽ ഇന്നലെ രാവിലെ 11 നായിരുന്നു സംഭവം.

ചിക്കൻപോക്സ് ബാധിച്ച് ഒരാഴ്ചയിലധികമായി ചികിത്സയിലും വിശ്രമത്തിലുമായിരുന്ന എൻജിനിയറിംഗ് വിഭാഗം മൂന്നാം വർഷ വിദ്യാർത്ഥികളായ വിഷ്ണു സുരേഷ്, എബിൻ ജോസ്, റെജു തോമസ് എന്നിവർക്കാണ് രോഗത്തിന്റെ പേരിൽ ക്ലാർക്ക് അയിത്തം കല്പിച്ചത്. ഒന്നര മണിക്കൂർ പരീക്ഷ എഴുതിയ ശേഷമായിരുന്നു ക്ലാർക്കിന്റെ ഇടപെടൽ. എബിൻ ജോസിനും വിഷ്ണുവിനും രോഗലക്ഷണം കണ്ടപ്പോൾത്തന്നെ ഹോമിയോ പ്രതിരോധ മരുന്ന് കഴിച്ചിരുന്നതിനാൽ ചിക്കൻപോക്സിന്റെ ഭാഗമായ കുരുക്കൾ ശരീരത്തിൽ പ്രകടമായിരുന്നില്ല. റെജുവിന് മുഖത്തും ശരീരഭാഗങ്ങളിലും കുരുക്കൾ പ്രകടമായിരുന്നു. അവസാന വർഷ പരീക്ഷയായതിനാൽ വിദ്യാർത്ഥികളുടെ അവസരം നഷ്ടപ്പെടാതിരിക്കാനാണ് പ്രിൻസിപ്പലും മറ്റ് അദ്ധ്യാപകരും അവർക്ക് അവസരം നൽകിയത്. മറ്റ് കുട്ടികൾക്ക് രോഗം പകരാതിരിക്കാൻ മൂന്നുപേർക്കുമായി മറ്റൊരു ഹാളിൽ പ്രത്യേക ഇരിപ്പിടവും തയ്യാറാക്കിയിരുന്നു. ഇൻവിജിലേറ്റർമാർ ആരും ഇവരുടെ അടുത്തേക്ക് പോയതുമില്ല.

അഡ്വാൻസ്ഡ് പ്രൊഡക്ഷൻ പ്രോസസ് എന്ന വിഷയത്തിലായിരുന്നു മൂന്ന് മണിക്കൂറുള്ള പരീക്ഷ. 9.30 മുതൽ 11 വരെ എഴുതി. അപ്പോഴാണ് പകർച്ചവ്യാധിയുള്ള കുട്ടികളെ പരീക്ഷ എഴുതിക്കുന്നത് പോളിടെക്നിക് മാന്വലിൽ പറയുന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമാണെന്ന വാദവുമായി ജീവനക്കാരൻ ഓടിയെത്തിയത്. പേപ്പർ വാല്യുവേഷൻ ക്യാമ്പിലെ അദ്ധ്യാപകർക്കും മറ്റുള്ളവർക്കും രോഗം പകരുമെന്ന് ഇയാൾ വിളിച്ചുപറഞ്ഞു. ക്ലാർക്കിന്റെ കുതന്ത്രത്തിനുമുന്നിൽ പ്രിൻസിപ്പലും മലക്കം മറിഞ്ഞതോടെ വിദ്യാർത്ഥികൾ പുറത്തുപോവുകയായിരുന്നു.

> പകർച്ചാ വ്യാധിയുള്ളവരെ പരീക്ഷയ്ക്കിരുത്തരുതെന്ന് പരീക്ഷാ ചട്ടങ്ങളിൽ പറയുന്നുണ്ട്. ഹാൾടിക്കറ്റിലും ഈ വിവരം വ്യക്തമാക്കുന്നുണ്ട്. എന്നാൽ മാനുഷിക പരിഗണന കണക്കിലെടുത്ത് പരീക്ഷയ്ക്കായി പ്രത്യേകം ക്ലാസ് മുറിയിൽ സൗകര്യം ചെയ്തുകൊടുത്തെങ്കിലും പകർച്ചവ്യാധി ഭയന്ന് അദ്ധ്യാപകർ പോകാനാവാത്തതിനാലാണ് പരീക്ഷ തടസപ്പെട്ടത്.
>
> **- പ്രിൻസിപ്പൽ, ഗവ. പോളിടെക്നിക് മുട്ടം**

കുട്ടികൾ കോടതിയെ സമീപിക്കും

അവസരം നഷ്ടപ്പെടുത്തുന്നതിനെതിരെ പി.ടി.എയ്ക്ക് പരാതി നൽകാനും കോടതിയെ സമീപിക്കാനും ഒരുങ്ങുകയാണ് വിദ്യാർത്ഥികൾ. എബിൻ ചെറുതോണിയിൽ നിന്നും റെജു രാജാക്കാട് നിന്നും ടാക്സി വിളിച്ചാണ് പരീക്ഷയ്ക്ക് എത്തിയത്. വിഷ്ണു തൊടുപുഴ സ്വദേശിയാണ്. ഈ മാസം 19, 20, 28, മേയ് 11 തീയതികളിൽ മെയിൻ പരീക്ഷയും ഏപ്രിൽ 20, 30 തീയതികളിൽ സപ്ലിമെന്ററിയുമാണ് നടക്കേണ്ടത്. ഈ അവസരം നഷ്ടമായാൽ ഇനി അടുത്ത നവംബറിൽ മാത്രമേ പരീക്ഷ എഴുതാൻ സാധിക്കൂ.

ബാബു സെബാസ്റ്റ്യന് മേയ് നാല് വരെ വി.സിയായി തുടരാം

ന്യൂഡൽഹി: എം.ജി സർവകലാശാലാ വൈസ് ചാൻസലറായി ഡോ. ബാബു സെബാസ്റ്റ്യന് മേയ് നാല് വരെ തുടരാൻ സുപ്രീംകോടതി താത്കാലിക അനുമതി നൽകി. വൈസ് ചാൻസലർ സ്ഥാനത്തു നിന്നു നീക്കിക്കൊണ്ടുള്ള ഹൈക്കോടതി വിധിക്കെതിരെ ബാബു സെബാസ്റ്റ്യൻ നൽകിയ ഹർജിയിൽ ചീഫ് ജസ്റ്റിസ് ദീപക് മിശ്ര അദ്ധ്യക്ഷനായ ബെഞ്ച് അന്ന് അന്തിമവാദം കേൾക്കും. കേസ് ആദ്യം പരിഗണിച്ചപ്പോൾ ഏപ്രിൽ 16 വരെ തുടരാൻ ഇടക്കാല ഉത്തരവ് നൽകിയിരുന്നു.

വി.സി ആകാൻ 2010 ലെ യു.ജി.സി മാർഗനിർദ്ദേശങ്ങളനുസരിച്ച് സർവകലാശാലയിലോ ഏതെങ്കിലും ഗവേഷണ അക്കാഡമിക് സ്ഥാപനത്തിലോ 10 വർഷം പ്രൊഫസറായി സേവനമനുഷ്ഠിച്ചിരിക്കണം. ഇതുപ്രകാരമുള്ള യോഗ്യത ബാബു സെബാസ്റ്റ്യന് ഇല്ലെന്നായിരുന്നു ഹൈക്കോടതിയുടെ കണ്ടെത്തൽ. എന്നാൽ, 19 വർഷം കോളേജ് അദ്ധ്യാപകനായും ഏഴ് വർഷം സർവകലാശാലയിൽ അസോസിയേറ്റ് പ്രൊഫസറായും പ്രവർത്തിച്ച ശേഷം 10 വർഷത്തിലേറെ താൻ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് എഡ്യൂക്കേഷൻ ടെക്നോളജിയിൽ ഡയറക്ടറായിരുന്നു. ഈ പദവി പ്രൊഫസർ പദവിക്ക് തുല്യമല്ലെന്ന് ഹൈക്കോടതി കണ്ടെത്തിയതിൽ പിഴവുണ്ടെന്നും അപ്പീലിൽ പറയുന്നു.

എല്ലാ പഞ്ചായത്തുകളിലും ഇറച്ചിക്കോഴി വളർത്താനൊരുങ്ങി കെപ്കോ

■ ഹോർമോൺ കുത്തിവയ്ക്കാത്ത ഇറച്ചി വിപണിയിലെത്തിക്കും

◗ ആർ.ഹരിപ്രസാദ്

KAUMUDI SPECIAL

കൊല്ലം: എല്ലാ പഞ്ചായത്തുകളിലും കുടുംബശ്രീയുടെ സഹകരണത്തോടെ ഇറച്ചിക്കോഴികളെ വളർത്താനൊരുങ്ങുകയാണ് സംസ്ഥാന പൗൾട്രി വികസന കോർപറേഷൻ (കെപ്കോ). 1000 കോഴിക്കുഞ്ഞുങ്ങൾ വീതമുള്ള 10 യൂണിറ്റുകൾ തിരുവനന്തപുരത്തും അഞ്ചെണ്ണം കൊല്ലത്തും 9 എണ്ണം പത്തനംതിട്ടയിലും ആരംഭിച്ചു.

കെപ്കോ ഉത്പാദിപ്പിക്കുന്ന കോഴിക്കുഞ്ഞുങ്ങളെ 40 രൂപയ്ക്കാണ് കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകുന്നത്. ഹോർമോണുകൾ കുത്തിവയ്ക്കാത്ത ശുദ്ധമായ ഇറച്ചി വിപണിയിലെത്തിക്കാൻ കഴിയുമെന്നതാണ് കുടുംബശ്രീയുമായി സഹകരിച്ചുള്ള പദ്ധതിയുടെ നേട്ടം. കെപ്കോയുടെ നിർദ്ദേശപ്രകാരമാണ് കോഴികൾക്ക് തീറ്റയും പ്രതിരോധ മരുന്നും കൊടുക്കുന്നത്. കോഴികൾക്ക് 40 മുതൽ 45 ദിവസം വരെ പ്രായവും രണ്ട് കിലോ തൂക്കവും എത്തുമ്പോൾ 85 രൂപ നൽകി കെപ്കോ തിരിച്ചെടുക്കും. കെപ്കോയുടെ പ്ലാന്റിൽ സംസ്കരിച്ചെടുക്കുന്ന കോഴിയിറച്ചി സ്വന്തം വിപണന കേന്ദ്രങ്ങളിലൂടെയാവും ഉപഭോക്താക്കളിലെത്തുക.

കൊല്ലം, കോട്ടയം, കോഴിക്കോട്, പത്തനംതിട്ട ജില്ലകളിൽ ഇറച്ചിക്കോഴി പ്രജനനത്തിന് പുതിയ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള പദ്ധതി അന്തിമ ഘട്ടത്തിലാണ്. കെപ്കോയുടെ ഇടപെടലിലൂടെ മുട്ട ഉത്പാദനവും വൻതോതിൽ ഉയർന്നിട്ടുണ്ട്. രണ്ട് വർഷത്തിനിടെ 42 കോടി മുട്ടകളാണ് സംസ്ഥാനത്ത് അധികമായി ഉത്പാദിപ്പിച്ചത്.

കോഴിയിറച്ചി സംസ്കരണത്തിന് ആധുനിക പ്ലാന്റ്

ഒരു മണിക്കൂറിൽ 1000 കോഴികളെ ശാസ്ത്രീയമായി സംസ്കരിച്ച് മാംസം തയ്യാറാക്കുന്ന യൂണിറ്റ് 6.75 കോടി ചെലവിൽ തിരുവനന്തപുരത്ത് സ്ഥാപിക്കും. പുതിയ പ്ലാന്റ് സജ്ജമാകുന്നതോടെ എറണാകുളം വരെയുള്ള ജില്ലകളിലെ ഇറച്ചിക്കോഴി വിപണിയിൽ കെപ്കോയ്ക്ക് ഇടപെടാനാകും. ആവശ്യമെങ്കിൽ രണ്ട് ഷിഫ്റ്റുകളായി ദിവസം 16000 കോഴികളെ സംസ്കരിക്കാനുള്ള ശേഷി പ്ലാന്റിനുണ്ട്.

> കൊല്ലം, തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിലാണ് പദ്ധതി ആദ്യ ഘട്ടത്തിൽ നടപ്പാക്കുന്നത്. ഈ സാമ്പത്തിക വർഷം 1000 കുടുംബശ്രീ യൂണിറ്റുകൾക്ക് 1000 കോഴികളെ വീതം നൽകുകയാണ് ലക്ഷ്യം. ഇതിനായി പ്രതിമാസം രണ്ടരലക്ഷം ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്ന ഹാച്ചറികളും ക്രമീകരിക്കും.
>
> **ജെ. ചിഞ്ചുറാണി**
> **ചെയർപേഴ്സൺ, കെപ്കോ**

സെക്രട്ടേറിയറ്റിലെ ദളിത് ജീവനക്കാരന് പീഡനം: പ്രതിഷേധം ശക്തം

തിരുവനന്തപുരം: സെക്രട്ടേറിയറ്റിലെ ദളിത് ജീവനക്കാരനോട് പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബിശ്വനാഥ് സിൻഹ അപമാനകരമായി പെരുമാറിയെന്ന ആരോപണം വിവാദമായി. ദളിത് ജീവനക്കാരെ മാനസികമായി പീഡിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ പ്രതിഷേധം ശക്തമാവുന്നു.

ദളിത് ജീവനക്കാരനായ ദേവദാസിനെ മറ്റേതെങ്കിലും വിഭാഗത്തിലേക്ക് മാറ്റിക്കൊള്ളൂ എന്ന നിലപാടിലാണ് പ്രിൻസിപ്പൽ സെക്രട്ടറി. അതേ സമയം, ദേവദാസ് ഒരാഴ്ചത്തെ അവധിയെടുത്ത് സ്വന്തം നാടായ പാലക്കാട്ടേയ്ക്ക് പോയി. തന്നെ മറ്റേതെങ്കിലും വകുപ്പിലേക്ക് മാറ്റണമെന്ന് ദേവദാസ് മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിൽ ആവശ്യപ്പെട്ടിരുന്നു.

സെക്രട്ടേറിയറ്റ് അസോസിയേഷൻ ഇന്നലെ യോഗം ചേർന്ന് സംഭവത്തെ അപലപിച്ചു. പ്രിൻസിപ്പൽ സെക്രട്ടറിയുടെ നടപടി പരിഷ്കൃത സമൂഹത്തിന് യോജിച്ചതല്ലെന്ന് കാണിച്ച് അസോസിയേഷൻ നേതാക്കൾ ചീഫ് സെക്രട്ടറിയെ കണ്ട് നിവേദനം നൽകി.

ഭക്ഷണം കഴിച്ചതിന്റെ എച്ചിൽ എടുപ്പിക്കുക, വെള്ളം മേശപ്പുറത്ത് ഒഴിച്ച് തുടയ്ക്കാൻ പറയുക തുടങ്ങിയ പീഡനങ്ങളാണ് തനിക്ക് നേരിടേണ്ടിവന്നതെന്ന് ദേവദാസ് പരാതിയിൽ പറയുന്നു.

വിളംബരം

ഇന്റർവ്യൂ മാറ്റിവച്ചു

തിരുവനന്തപുരം: സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള പിരപ്പൻകോട് അന്താരാഷ്ട്ര സ്വിമ്മിംഗ് പൂളിൽ കെയർ ടേക്കർ, ലൈഫ് ഗാർഡ് തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്ന് രാവിലെ 10ന് നടത്താനിരുന്ന വാക് ഇൻ ഇന്റർവ്യൂ മാറ്റിവച്ചു.

സി.അപ്ട് പരീക്ഷാഫലം

തിരുവനന്തപുരം: സി-അപ്ട് മൾട്ടിമീഡിയ അക്കാഡമി കഴിഞ്ഞ ഡിസംബറിൽ നടത്തിയ വിവിധ പരീക്ഷകളുടെ ഫലം www.captmultimedia.com ൽ.

കാലാവധി നീട്ടി

തിരുവനന്തപുരം: മോട്ടോർ വാഹന വകുപ്പിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി ജൂൺ 30 വരെ ദീർഘിപ്പിച്ചു. 2017 ഒക്ടോബർ 30നകം അഞ്ച് വർഷമോ, അതിൽ കൂടുതലോ നികുതി കുടിശികയുള്ള വാഹനങ്ങൾ, ഈ അവസരം പ്രയോജനപ്പെടുത്തി, തുടർനടപടികളിൽ നിന്ന് ഒഴിവാകണം.

പിന്നാക്ക വിഭാഗ കമ്മിഷൻ സിറ്റിംഗ്

തിരുവനന്തപുരം: സംസ്ഥാന പിന്നാക്ക വിഭാഗ കമ്മിഷൻ 18ന് എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ സിറ്റിംഗ് നടത്തും.

ഫോറിൻ ലാംഗ്വേജ് ക്ലാസ്

തിരുവനന്തപുരം: മോഡൽ ഫിനിഷിംഗ് സ്കൂളിൽ ഫ്രഞ്ച്, ജർമ്മൻ, റഷ്യൻ ഭാഷകൾ പഠിക്കുന്നതിന് രജിസ്റ്റർ ചെയ്യാം. 20 പേർ അടങ്ങുന്ന പ്രഭാത, സായാഹ്ന അവധിദിന ബാച്ചുകളിലായാണ് ക്ലാസുകൾ. 60 മണിക്കൂർ ദൈർഘ്യമുള്ള ഒരു കോഴ്സിന് 4500 + ജി.എസ്.ടി ആണ് ഫീസ്. വിദ്യാർത്ഥികൾക്കുവേണ്ടി 25 മണിക്കൂർ കോഴ്സ് 2000 + ജി.എസ്.ടി ഫീസിലും നടത്തും. താല്പര്യമുള്ളവർ തിരുവനന്തപുരം മോഡൽ ഫിനിഷിംഗ് സ്കൂളിൽ (സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം, പി.എം.ജി. ജംഗ്ഷൻ, തിരുവനന്തപുരം - 33) നേരിട്ടെത്തി രജിസ്റ്റർ ചെയ്യണം). കൂടുതൽ വിവരങ്ങൾക്ക് 0471 - 2307733, 9495050481.

മഴവെള്ള സംഭരണം, കിണർ റീചാർജിംഗ് പദ്ധതികൾക്ക് സാമ്പത്തിക സഹായം

സർക്കാരിന്റെ മഴവെള്ള സംഭരണം- ഭൂജല പരിപോഷണം പരിപാടി അനുസരിച്ച് സാമ്പത്തിക സഹായം ലഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. പഞ്ചായത്തുകൾ മുഖാന്തരം മഴവെള്ള സംഭരണികളുടെ നിർമ്മാണം, കിണർ റീചാർജിംഗ് എന്നീ പദ്ധതികളാണ് നടപ്പാക്കുന്നത്. ഗ്രാമപഞ്ചായത്തുകൾ അപേക്ഷയോടൊപ്പം ഭരണ സമിതിയുടെ തീരുമാനവും സമർപ്പിക്കണം. മലയോര-തീരദേശ ഗ്രാമപഞ്ചായത്തുകൾക്ക് മുൻഗണന. സഹായം ലഭിച്ച ഗ്രാമപഞ്ചായത്തുകൾ വീണ്ടും അപേക്ഷിക്കേണ്ടതില്ല. അവസാന തീയതി മേയ് 11. അയയ്ക്കേണ്ട വിലാസം - എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.ആർ.ഡബ്ല്യു.എസ്.എ, മഴകേന്ദ്രം, പി.ടി.സി ടവർ, മൂന്നാം നില, എസ്.എസ്, കോവിൽ റോഡ്, തമ്പാനൂർ, തിരുവനന്തപുരം - 1. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നം. 0471 - 2320848, 2337003, 9447829049. ഇ-മെയിൽ rwhcentre@gmail.com.

അപേക്ഷ ക്ഷണിച്ചു

എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ തിരുവനന്തപുരം കേന്ദ്രത്തിൽ ഏപ്രിലിൽ ആരംഭിക്കുന്ന ടാലി, ഡി.ഇ. & ഒ.എ. കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. വിദ്യാഭ്യാസ യോഗ്യത: +2 കൊമേഴ്സ്/ ബി.കോം, എസ്.എസ്.എൽ.സി കൂടുതൽ വിവരങ്ങൾക്ക് ഡയറക്ടർ, എൽ. ബി. എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി, നന്ദാവനം, പാളയം, തിരുവനന്തപുരം വിലാസത്തിലോ, 0471 - 2560332, 2560333, 8547141406 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടണം.

റിസർച്ച് ഫെലോഷിപ്പിന് അപേക്ഷിക്കാം

തിരുവനന്തപുരം: ആർക്കൈവ്സ് വകുപ്പിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ പരിശോധിച്ച് വിഷയാടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത് പുസ്തകം തയ്യാറാക്കുന്നതിന് 300 പേജിൽ കവിയാതെ പുസ്തകം ഒന്നിന് 50,000 രൂപ നിരക്കിൽ ഫെലോഷിപ്പ് നൽകും. ചരിത്രത്തിലോ മലയാളത്തിലോ പുസ്തകങ്ങൾ, ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളവർക്കും മുൻപരിചയമുള്ളവർക്കും മുൻഗണന. അപേക്ഷകൾ 25 നകം ഡയറക്ടർ, ആർക്കൈവ്സ് ഡയറക്ടറേറ്റ്, നളന്ദ, തിരുവനന്തപുരം 3 വിലാസത്തിൽ ലഭിക്കണം. ഫോൺ 0471 2311547, 9497269556 വെബ്സൈറ്റ്- keralaarchives@gmail.com

സ്കോൾ കേരള : ഡി.സി.എ പരീക്ഷ

സ്കോൾ കേരള നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സ് (ഡി.സി.എ) മൂന്നാം ബാച്ചിന്റെ പൊതു പരീക്ഷ മേയ് ഒമ്പതിന് ആരംഭിക്കും. പ്രായോഗിക പരീക്ഷ മേയ് ഒമ്പത് മുതൽ 12 വരെ അതത് പഠന കേന്ദ്രങ്ങളിലും, തിയറി പരീക്ഷ മേയ് 16 മുതൽ 20 വരെ തിരഞ്ഞെടുത്ത സർക്കാർ ഹയർ സെക്കൻഡറി സ്കൂളിലും നടക്കും.

www.scolekerala.org ൽ യൂസർ നെയിം, പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് ജനറേറ്റ് ചെയ്തെടുക്കുന്ന ചെലാനിൽ പരീക്ഷാ ഫീസ് പിഴ കൂടാതെ 25 മുതൽ 30 വരെയും 20 രൂപ പിഴയോടെ മേയ് ഒന്ന് മുതൽ മൂന്ന് വരെയും സംസ്ഥാനത്തെ പോസ്റ്റോഫീസുകൾ മുഖേന അടയ്ക്കാം. 700 രൂപയാണ് പരീക്ഷ ഫീസ്. സ്കോൾ കേരള സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്ത അപേക്ഷാഫാറം പൂരിപ്പിച്ച് ഫീസൊടുക്കിയ അസൽ ചെലാൻ, സ്കോൾ അനുവദിച്ച തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് എന്നിവ സഹിതം ബന്ധപ്പെട്ട പഠന കേന്ദ്രം പ്രിൻസിപ്പൽമാർക്കാണ് അപേക്ഷിക്കേണ്ടത്. ഇന്റേണൽ പരീക്ഷയ്ക്ക് 40 ശതമാനം മാർക്കും സമ്പർക്ക ക്ലാസിൽ പങ്കെടുത്ത 75 ശതമാനം ഹാജരുമാണ് പരീക്ഷ എഴുതാനുള്ള യോഗ്യത.

ഡി.സി.എ ഒന്നും രണ്ടും ബാച്ചുകളിൽ കോഴ്സ് പൂർത്തിയാക്കിയവരിൽ പരീക്ഷ ഫീസ് അടയ്ക്കാത്തവർക്കും മുൻ പരീക്ഷകളിൽ നിർദ്ദിഷ്ട യോഗ്യത നേടാത്തവർക്കും നിബന്ധനകൾക്ക് വിധേയമായി 2018 മേയിലെ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കാം. വിശദാംശങ്ങൾ www.scolekerala.org ലെ നോട്ടിഫിക്കേഷനിൽ ലഭിക്കും.

കെ മാറ്റ് പ്രവേശന പരീക്ഷ

എം.ബി.എ പ്രവേശനത്തിനുള്ള കെ-മാറ്റ് കേരള പ്രവേശന പരീക്ഷയ്ക്ക് kmatkerala.in വഴി അപേക്ഷിക്കാം. ജൂൺ 24 നാണ് പരീക്ഷ. ഓൺലൈനായി ജൂൺ ഏഴ് വരെ ഫീസ് അടയ്ക്കാം. അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും പരീക്ഷാഫലം പ്രതീക്ഷിക്കുന്നവർക്കും അപേക്ഷിക്കാം. ഫോൺ: 8547255133.

സർവകലാശാല വാർത്തകൾ

കേരള
www.keralauniversity.ac.in

ബി.എസ്‌സി ഫലം

നാലാം സെമസ്റ്റർ ബി.എസ്‌സി ബയോകെമിസ്ട്രി ആൻഡ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (2015 അഡ്മിഷൻ റഗുലർ, 2014 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2013 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും മേയ് ഏഴ് വരെ ഓൺലൈനായി അപേക്ഷിക്കാം.

എഫ്.ഡി.പി, ബി.എസ്‌സി ഫലം

നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് എഫ്.ഡി.പി സി.ബി.സി.എസ്.എസ് ഗ്രൂപ്പ് 2 (ബി) ബി. എസ്‌സി ഇലക്ട്രോണിക്സ് (340) പരീക്ഷയുടെ (2013 അഡ്മിഷൻ, 2014 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2015 അഡ്മിഷൻ റഗുലർ) ഫലം വെബ്സൈറ്റിൽ.

എഫ്.ഡി.പി, ബി.ബി.എ ഫലം

നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് എഫ്. ഡി.പി സി. ബി. സി. എസ്. എസ് ഗ്രൂപ്പ് 2 (ബി) ബി. ബി.എ (195) പരീക്ഷയുടെ (2013 അഡ്മിഷൻ/2014 അഡ്മിഷൻ മുതൽ (സപ്ലിമെന്ററി/റഗുലർ) ഫലം വെബ്സൈറ്റിൽ.

ബിരുദാനന്തര ബിരുദ കോഴ്സ്

അഡ്മിഷൻ

സർവകലാശാല പഠനവകുപ്പുകളിൽ (സി.എസ്.എസ്) എം. ടെക് ഉൾപ്പെടെയുള്ള ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് 25 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ബി.എ ഫലം

നാലാം സെമസ്റ്റർ ബി.എ കമ്മ്യൂണിക്കേറ്റീവ് അറബിക് പരീക്ഷാഫലം വെബ്സൈറ്റിൽ.

തീസിസ് സമർപ്പിക്കാനുള്ള തീയതി നീട്ടി

ഒൻപതാം സെമസ്റ്റർ ബി.ആർക് സപ്ലിമെന്ററി പരീക്ഷയുടെ (2013 സ്കീം) തീസിസ് സമർപ്പിക്കാനുള്ള തീയതി 25 വരെ നീട്ടി.

ബി.ടെക് ഫലം

രണ്ടും നാലും സെമസ്റ്റർ ബി. ടെക് പാർട്ട്-ടൈം റീസ്ട്രക്ച്ചേർഡ്-2008 സ്കീം പരീക്ഷാഫലം വെബ്സൈറ്റിൽ.

അപേക്ഷ ക്ഷണിക്കുന്നു

സർവകലാശാലയുടെ ഫിസിക്സ് പഠനവകുപ്പിലേക്ക് ജൂനിയർ പ്രോജക്ട് ഫെലോ (1) ഒഴിവിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷിക്കേണ്ട അവസാന തീയതി 30. വിശദവിവരങ്ങൾ വെബ്സൈറ്റിൽ job notification ലിങ്കിൽ.

പ്രോജക്ട് മൂല്യനിർണയം, വാചാപരീക്ഷ

ആറാം സെമസ്റ്റർ ബി.എ മലയാളം ആൻഡ് മാസ്കമ്മ്യൂണിക്കേഷൻ പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയവും വാചാപരീക്ഷയും യഥാക്രമം 19 നും 23നും നെല്ലിക്കാട് മദർതെരേസ കോളേജിൽ വച്ചും തുമ്പ സെന്റ് സേവ്യേഴ്സ് കോളേജിൽ വച്ചും നടത്തും. ആറാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് ആൻഡ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയവും വാചാ പരീക്ഷയും 19 ന് അതത് കോളേജിൽ നടത്തും.

ആറാം സെമസ്റ്റർ ബി.എ കമ്മ്യൂണിക്കേറ്റീവ് അറബിക് പരീക്ഷയുടെ പ്രോജക്ട് മൂല്യ നിർണയവും വാചാ പരീക്ഷയും 19 ന് മണക്കാട് നാഷണൽ കോളേജിൽ നടത്തും.

ആറാം സെമസ്റ്റർ ബി.എ ജേർണലിസം ആൻഡ് മാസ്കമ്മ്യൂണിക്കേഷൻ & വീഡിയോ പ്രൊഡക്ഷൻ പരീക്ഷയുടെ പ്രോജക്ട് മൂല്യ നിർണയവും വാചാപരീക്ഷയും യഥാക്രമം 19 നും 23-നും കൊല്ലം എസ്. എൻ കോളേജിലും തോന്നക്കൽ എ.ജെ. കോളേജിലും നടത്തും. ആലപ്പുഴ എസ്. ഡി.വി കോളേജ് ജേർണലിസം വിദ്യാർത്ഥികൾ കൊല്ലം എസ്. എൻ കോളേജിലും പാങ്ങോട് പൽപ്പു കോളേജിലെ ജേർണലിസം വിദ്യാർത്ഥികൾ തോന്നയ്ക്കൽ എ. ജെ കോളേജിലും പരീക്ഷക്കായി ഹാജരാകണം. ടൈംടേബിൾ വെബ്സൈറ്റിൽ.

എം.ജി
www.mgu.ac.in

എൽ എൽ.ബി പരീക്ഷ

എട്ടാം സെമസ്റ്റർ എൽ എൽ. ബി. പരീക്ഷയുടെ മാറ്റിവച്ച 'ആൾട്ടർനേറ്റ് ഡിസ്പ്യൂട്ട് റസല്യൂഷൻ' എന്ന പേപ്പറിന്റെ പരീക്ഷ എട്ടാം സെമസ്റ്റർ ബി.എ. (ക്രിമിനോളജി) എൽ എൽ.ബി (ഓണേഴ്സ്) എന്ന കോഴ്സിലെ വിദ്യാർത്ഥികൾക്ക് 18ന് നടത്തും.

അപേക്ഷാ തീയതി

രണ്ടാം സെമസ്റ്റർ ബി.പി.ഇ (2013 - 2015 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി) പരീക്ഷകൾ 27 മുതൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ 18 വരെയും 50 രൂപ പിഴയോടെ 19 വരെയും 500 രൂപ സൂപ്പർഫൈനോടെ 21 വരെയും സ്വീകരിക്കും.

പരീക്ഷാഫലം

നാലാം സെമസ്റ്റർ മാസ്റ്റർ ഒഫ് സയൻസ് മെഡിക്കൽ ബയോകെമിസ്ട്രി (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് 28 വരെ അപേക്ഷിക്കാം.

കാലിക്കറ്റ്
www.universityofcalicut.info

പി.ജി കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

പഠനവകുപ്പുകളിലെ പി.ജി പ്രവേശന പരീക്ഷയ്ക്കും, സ്വാശ്രയ കേന്ദ്രങ്ങൾ, അഫിലിയേറ്റഡ് കോളേജുകൾ എന്നിവയിലെ പ്രവേശന പരീക്ഷ മുഖേന നടത്തുന്ന കോഴ്സുകളിലേക്കും അപേക്ഷ ക്ഷണിച്ചു. സർവകലാശാലാ പഠനവകുപ്പുകളിൽ എം.എഡ് ഒഴികെയുള്ള കോഴ്സുകളിലേക്ക് പ്രവേശന പരീക്ഷ മുഖേനയാണ് പ്രവേശനം നടത്തുന്നത്. 17ന് പകൽ 12 മുതൽ രജിസ്റ്റർ ചെയ്യാം. വിജ്ഞാപന പ്രകാരം വിവിധ കോഴ്സുകൾക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുള്ളവർക്കും ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. അപേക്ഷാ ഫീ ജനറൽ 350 രൂപ, എസ്.സി /എസ്.ടി 150 രൂപ. 28 വരെ ഫീസടച്ച് 30 വരെ രജിസ്ട്രേഷൻ നടത്താം. ഫോൺ 2047016, 2407017.

ബിരുദ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

സ്വാശ്രയ കേന്ദ്രങ്ങൾ, അഫിലിയേറ്റഡ് കോളേജുകൾ എന്നിവയിലെ ബാച്ച്ലർ ഒഫ് ഹോട്ടൽ മാനേജ്മെന്റ് (ബി.എച്ച്.എം, നാല് വർഷം), ബി.പി.എഡ് ഇന്റഗ്രേറ്റഡ് (നാല് വർഷം), ബി.പി.എഡ് (രണ്ട് വർഷം), ബി.കോം ഓണേഴ്സ് (ത്രിവത്സരം) പ്രവേശന പരീക്ഷകളുള്ള ബിരുദ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. 17ന് പകൽ 12 മുതൽ രജിസ്റ്റർ ചെയ്യാം. 28 വരെ ഫീസടച്ച് ഏപ്രിൽ 30 വരെ രജിസ്ട്രേഷൻ നടത്താം. വിജ്ഞാപന പ്രകാരം വിവിധ കോഴ്സുകൾക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുള്ളവർക്കും ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. അപേക്ഷാ ഫീ ജനറൽ 350 രൂപ, എസ്.സി/ എസ്.ടി 150 രൂപ. വിവരങ്ങൾ വെബ്സൈറ്റിൽ. ഫോൺ 2047016, 2407017.

എസ്.ഡി.ഇ ഫൈനൽ എം.എ/ എം.എസ്‌സി ഹാൾടിക്കറ്റ്

24ന് ആരംഭിക്കുന്ന വിദൂരവിദ്യാഭ്യാസം ഫൈനൽ എം.എ/ എം.എസ്‌സി പരീക്ഷകൾക്ക് അപേക്ഷിച്ചവർ ഹാൾടിക്കറ്റ് വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യണം. പരീക്ഷാ കേന്ദ്രം ഉറപ്പുവരുത്താൻ വെബ്സൈറ്റിൽ കൊടുത്ത വിവരങ്ങളുമായി ഒത്തുനോക്കണം. ഫോൺ നമ്പർ വെബ്സൈറ്റിൽ. മാന്വലായി അപേക്ഷിച്ചവർ ഹാൾടിക്കറ്റ് അനുവദിക്കപ്പെട്ട കേന്ദ്രങ്ങളിൽ നിന്ന് കൈപ്പറ്റണം.

ബി.ടെക് സർട്ടിഫിക്കറ്റ് ഒഫ് എക്സലൻസ്

ബി.ടെകിന് 2012ൽ പ്രവേശനം നേടിയ വിദ്യാർത്ഥികളിൽ അർഹരായവർക്ക് 2016 വർഷത്തെ സർട്ടിഫിക്കറ്റ് ഒഫ് എക്സലൻസ് ലഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. പൊസിഷൻ ലിസ്റ്റ് വെബ്സൈറ്റിൽ. നിർദ്ദിഷ്ടമാതൃകയിലുള്ള അപേക്ഷാഫോം വെബ്സൈറ്റിൽ നിന്നു ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച്, ചെലാൻ (225 രൂപ) സഹിതം ബി.ടെക് വിഭാഗത്തിൽ സമർപ്പിക്കണം. സർട്ടിഫിക്കറ്റ് തപാലിൽ ലഭിക്കാൻ പോസ്റ്റൽ ചാർജായി 50 രൂപ കൂടി ചലാൻ ഉൾപ്പെടുത്തണം.

പരീക്ഷാ അപേക്ഷ

ബി.ബി.എ എൽ എൽ.ബി (പഞ്ചവത്സരം, 2011 സ്കീം) ഒന്ന്, മൂന്ന്, അഞ്ച്, ഏഴ്, ഒമ്പത് സെമസ്റ്റർ റഗുലർ /സപ്ലിമെന്ററി പരീക്ഷയ്ക്കും, എൽ എൽ. ബി യൂണിറ്ററി (ത്രിവത്സരം, 2015 സ്കീം) ഒന്ന്, മൂന്ന് സെമസ്റ്റർ റഗുലർ/സപ്ലിമെന്ററി, അഞ്ചാം സെമസ്റ്റർ റഗുലർ പരീക്ഷയ്ക്കും അപേക്ഷിക്കാനുള്ള തിയതി പിഴകൂടാതെ 23 വരെയും 150 രൂപ പിഴയോടെ 25 വരെയും നീട്ടി.

ഒന്ന്, രണ്ട്, നാല്, ആറ്, എട്ട് സെമസ്റ്റർ ബി.ടെക്/ പാർട്ടൈം ബി.ടെക് (2009 സ്കീം 2009 പ്രവേശനം) സപ്ലിമെന്ററി പരീക്ഷയ്ക്ക് 25 വരെ അപേക്ഷിക്കാം. എട്ടാം സെമസ്റ്ററിന് അവസാന തിയതി 19. എട്ടാം സെമസ്റ്റർ പരീക്ഷ 27ന് ആരംഭിക്കും. 2009 പ്രവേശനക്കാർക്ക് ഇത് അവസാന അവസരമായിരിക്കും.

പരീക്ഷ

മൂന്നാം സെമസ്റ്റർ ബി. ടി. എഫ്. പി (സി.യു. സി.ബി. സി. എസ്. എസ്, 2016 പ്രവേശനം) റഗുലർ/സപ്ലിമെന്ററി പരീക്ഷ 24ന് ആരംഭിക്കും.

പരീക്ഷാഫലം

വിദൂരവിദ്യാഭ്യാസം അഞ്ചാം സെമസ്റ്റർ ബി.കോം/ ബി. ബി. എ/ ബി. കോം അഡിഷണൽ സ്പെഷ്യലൈസേഷൻ റഗുലർ/ ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി (സി.യു. സി. ബി. സി.എസ്.എസ്) നവംബർ 2017 പരീക്ഷാഫലം വെബ്സൈറ്റിൽ.

കണ്ണൂർ
www.kannuruniversity.ac.in

മാറ്റിയ പരീക്ഷ ഇന്ന്

ഇന്നലെ നടത്താൻ നിശ്ചയിച്ചിരുന്ന അവസാനവർഷ ഡിഗ്രി (വിദൂരവിദ്യാഭ്യാസം) പരീക്ഷകൾ ഇന്നു നടക്കും. പരീക്ഷാസമയത്തിൽ മാറ്റമില്ല.

പരീക്ഷാഫലം

ഒന്ന്, രണ്ട്, മൂന്ന് വർഷ ബി.എസ്‌സി മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി (എം.ആർ.ടി) സപ്ലിമെന്ററി, മേയ് 2016 പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ 30 വരെ സ്വീകരിക്കും.